പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1001 — 11.07.2011 - ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിനെ വിഭജിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എ.എ. അസീസ്**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ വകുപ്പിനെ ആഡിറ്റ്, ജനറൽ വിഭാഗങ്ങളായി തിരിച്ചു കൊണ്ട് മുൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ, | (എ) | സഹകരണ വകുപ്പിനെ ആഡിറ്റ്, ജനറൽ വിഭാഗങ്ങളായി തിരിച്ചു കൊണ്ട് സ.ഉ.(എം.എസ്.) നം 24/2011/സഹ തീയതി 16.2.2011 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ആഡിറ്റും ജനറലും രണ്ടായി വേർതിരിച്ചുള്ള പ്രവർത്തനം നടത്താനാണോ ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ, | (ബി & സി) | ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ് |
| സി) | ആഡിറ്റ് , ജനറൽ എന്നിവ വേർതിരിച്ചത് കൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

കേരളാ സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ സംഘം രജിസ്ട്രാറുടെ പൊതുനിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടർ തലവനായി ആഡിറ്റിനായി പ്രത്യേക വിഭാഗം രൂപീകരിച്ച് പുറപ്പെടുവിച്ച സ.ഉ (കൈയ്യെഴുത്ത്) നം. 17/2011/സഹ തീയതി 29.01.2011 നമ്പർ ഉത്തരവിലെ പിഴവുകൾ തിരുത്തി പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചും, ആഡിറ്റ് ഡയറക്ടറെ സഹകരണ ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള തസ്തികകളുടെ നിയമനാധികാരിയായി അധികാരപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ (കൈയ്യെഴുത്ത്) നം. 24/2011/സഹ. തിരുവനന്തപുരം, തീയതി 16. 02.2011

---

പരാമർശം. 1. സ.ഉ (കൈയ്യെഴുത്ത്) നം. 126/08/സഹ തീയതി 27.05.2008

2. സ.ഉ (കൈയ്യെഴുത്ത്) നം. 17/2011/സഹ തീയതി 29.01.2011

## ഉത്തരവ്

സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചുകൊണ്ടും ആഡിറ്റ് ഡയറക്ടറുടെ തസ്തികയും മറ്റ് അവശ്യം വേണ്ടതായ പ്രാഥമിക തസ്തികകളും ആഡിറ്റ് ഡയറക്ടറേറ്റിൽ സൃഷ്ടിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആഡിറ്റ് ഡയറക്ടറുടെ കീഴിൽ ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുകവഴി കുടിശ്ശിക ആഡിറ്റുകളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ആഡിറ്റ് സമകാലീനമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ പ്രസ്തുത സംവിധാനം പര്യാപ്തമല്ല എന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റിനു മാത്രമായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ നിന്നും ആഡിറ്റ് വിഭാഗം വേർപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാറുടെ പൊതു നിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടർ തലവനായി സഹകരണ ആഡിറ്റ് വിഭാഗം രൂപീകരിച്ചുകൊണ്ട് പരാമർശം (2) ലെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിൽ ഡയറക്ടറേറ്റിലും, ജില്ലാ, സർക്കിൾ തലങ്ങളിലും തസ്തികകൾ സൃഷ്ടിച്ചതിൽ ചില പിഴവുകൾ സംഭവിച്ചതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവിലെ പിഴവുകൾ തിരുത്തി ഭേദഗതി വരുത്തി ഉത്തരവാകുന്നതിന്റെ ഭാഗമായും ആഡിറ്റ് വിഭാഗത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് അവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് അടിയന്തിര പ്രാബല്യത്തോടുകൂടി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ഓഡിറ്റ് ഡയറക്ടറേറ്റിൽ പരാമർശം (2) പ്രകാരം സൃഷ്ടിച്ചതായി പിഴവായി രേഖപ്പെടുത്തിയ താഴെപ്പറയുന്ന തസ്തികകൾ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ആഡിറ്റ് ഡയറക്ടറേറ്റ്

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | - 3 |
| ജൂനിയർ ആഡിറ്റർ | - 8 |
| ടൈപ്പിസ്റ്റ് | - 1 |
| ഡ്രൈവർ | - 1 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |

3. എന്നാൽ പരാമർശം (1) പ്രകാരം സൃഷ്ടിച്ച 22 തസ്തികകൾ നിലനിൽക്കുന്നതാണ്. എന്നാൽ ഓഡിറ്റ് ഡയറക്ടറുടെ പി.എ. തസ്തിക ഒഴിവു വരുന്ന മുറയ്ക്ക് സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ കോമൺപൂളിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന സഹകരണ സംഘം രജിസ്ട്രാർ നിയമനം നൽകി ഓഡിറ്റ് ഡയറക്ടർക്ക് അലോട്ട് ചെയ്ത് യഥാകാലം നൽകുന്നതാണ്. ആഡിറ്റ് ഡയറക്ടറേറ്റിലെ സി.എ. തസ്തിക സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ കോമൺപൂളിൽ നിന്നും നിയമിക്കേണ്ടതാണ്. ഇതിനു പുറമെ ഓഡിറ്റ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ്, ഫിനാൻസ്, ട്രെയിനിങ്ങ് എന്നീ വിഭാഗങ്ങളിലേക്കായി 6 ജൂനിയർ /സീനിയർ ഓഡിറ്റർ തസ്തികകളും, ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ടൈപ്പിസ്റ്റ് തസ്തികയും യഥാക്രമം സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ EA, EB സെക്ഷനുകളിൽ നിലവിലുള്ള തസ്തികകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ കോമൺപൂളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് ആഡിറ്റ് വിഭാഗത്തിൽ സൃഷ്ടിച്ചും ഉത്തരവാകുന്നു. ഷിഫ്റ്റ് ചെയ്യപ്പെടുന്ന അസിസ്റ്റന്റ് രജിസ്ട്രാർ തസ്തിക, ആഡിറ്റ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയായി നാമകരണം ചെയ്യപ്പെടുന്നതാണ്. കൂടാതെ നിലവിൽ ജില്ലാ, സർക്കിൾ തല ആഡിറ്റ് ഓഫീസുകളിലുള്ള ടൈപ്പിസ്റ്റ്, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ കൂടി സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ നിന്നും ഷിഫ്റ്റ് ചെയ്ത് ആഡിറ്റ് വിഭാഗത്തിൽ സൃഷ്ടിച്ചും ഉത്തരവാകുന്നു. അപ്രകാരം ജില്ലാ തലത്തിലും സർക്കിൾ തലത്തിലും ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ ഷിഫ്റ്റ് ചെയ്ത് സൃഷ്ടിച്ച് ഉത്തരവാകുന്നു.

<u>ജില്ലാ തല ഓഫീസ്</u>

| | |
|---|---|
| ജോയിന്റ് ഡയറക്ടറുടെ ഓഫീസ് | - 14 എണ്ണം |
| ജോയിന്റ് ഡയറക്ടർ | - 14 (ഓരോ ജില്ലാ തല ഓഫീസിലും 1 വീതം) |
| അസിസ്റ്റന്റ് ഡയറക്ടർ | - 14 (ഓരോ ജില്ലാ തല ഓഫീസിലും 1 വീതം) |
| സീനിയർ / ജൂനിയർ ആഡിറ്റർ | - 27 എണ്ണം (കാസർഗോഡ് ജില്ലയിൽ ഒന്നും മറ്റ് ജില്ലകളിൽ 2 വീതവും) |
| ടൈപ്പിസ്റ്റ് | - 14 (1 വീതം) |
| പ്യൂൺ | - 28 (2 വീതം) |
| പാർട്ട് ടൈം സ്വീപ്പർ | - 14 (1 വീതം) |

4. പരാമർശം (2) ലെ ഉത്തരവിൽ ഡെപ്യൂട്ടി ഡയറക്ടർ എന്ന് പിഴവായി രേഖപ്പെടുത്തിയിരുന്നത് നീക്കം ചെയ്ത് ഉത്തരവാകുന്നു.

<u>സർക്കിൾ തലം</u>

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് | - 62 എണ്ണം |
| അസിസ്റ്റന്റ് ഡയറക്ടർമാർ | - 62 എണ്ണം (ഓരോ സർക്കിളിലും ഒന്ന് വീതം) |
| ഓഫീസ് ആഡിറ്റർമാർ (ജൂനിയർ / സീനിയർ ആഡിറ്റർ) | - 62 സർക്കിളുകളിലായി 380 എണ്ണം |
| പ്യൂൺ | - 62 (ഓരോ സർക്കിളിലും ഒന്ന് വീതം) |

5. പരാമർശം (2) ലെ ഉത്തരവിൽ സീനിയർ / ജൂനിയർ യൂണിറ്റ് ആഡിറ്റർമാർ 2 വീതം (62 x 2)= 124 എന്ന് പിഴവായി രേഖപ്പെടുത്തിയിരുന്നത് നീക്കം ചെയ്ത് ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച തസ്തികകളിൽ ടൈപ്പിസ്റ്റ്, ഡ്രൈവർ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളൊഴികെ മറ്റെല്ലാ തസ്തികകളും പ്രത്യേക ആഡിറ്റ് വിഭാഗത്തിന്റെ രൂപീകരണത്തോടെ രജിസ്ട്രാർ ഓഫീസിന്റെ കീഴിൽ നിലവിലുള്ള തസ്തികകൾ ഷിഫ്റ്റ് ചെയ്തുകൊണ്ടു വരേണ്ടതും എന്ന പരാമർശം (2) ലെ ഉത്തരവിലെ വാചകം ഒഴിവാക്കി ഉത്തരവാകുന്നു. എന്നാൽ ആഡിറ്റ് ഡയറക്ടറേറ്റിൽ പുനർനാമകരണം ചെയ്ത 8 സീനിയർ ആഡിറ്റർ തസ്തികകളടക്കമുള്ളതും നിലവിൽ ഷിഫ്റ്റ് ചെയ്ത് സൃഷ്ടിക്കപ്പെട്ടതുമായ ഓഡിറ്റ് വിഭാഗത്തിലെ തസ്തികകളിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തേണ്ടതാണ് എന്നതും, തുടർന്നു വരുന്ന

നിയമനങ്ങൾ ആഡിറ്റ് വിഭാഗത്തിനായി രൂപീകരിക്കുന്ന സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും നടത്തുക എന്നതും ആഡിറ്റ് വിഭാഗത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുമെങ്കിലും മറ്റൊരുത്തരവും ക്രമീകരണവുമുണ്ടാകുന്നതു വരെ ജില്ലാ, സർക്കിൾ തല ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്ന ഭൗതിക സാഹചര്യത്തിൽ തന്നെ തുടർന്നും പ്രവർത്തിക്കേണ്ടതാണ് എന്നതും പരാമർശം (2) ലെ ഉത്തരവിലുള്ള പ്രകാരം തുടർന്നും നിലനിൽക്കുന്നതാണ്.

7. സഹകരണ ഓഡിറ്റ് ആസ്ഥാന ഓഫീസിലും ജില്ലാ ആഫീസുകളിലുമായി നിലവിലുള്ള 16 ക്ലെറിക്കൽ തസ്തികകൾ ആഡിറ്റ് വിഭാഗത്തിൽ നിന്നും ഒഴിവാക്കി സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ തുടരുന്നതാണ്.

8. സഹകരണ ആഡിറ്റ് വിഭാഗത്തിലേയ്ക്ക് നിലവിലുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തി വകുപ്പിനെ രണ്ട് പ്രത്യേക സർവ്വീസുകൾ ആക്കുമ്പോൾ (ജനറൽ, ആഡിറ്റ്) ഏതെങ്കിലും വിഭാഗത്തിൽ അനുവദിച്ച തസ്തികകളേക്കാൾ കൂടുതൽ ഓപ്ഷൻ സമർപ്പിക്കപ്പെടുന്നുവെങ്കിൽ ജൂനിയർ ആയിട്ടുള്ളവരെ മറ്റേ വിഭാഗത്തിലേയ്ക്ക് മാറ്റേണ്ടതും, ഏതെങ്കിലും വിഭാഗത്തിൽ ഓപ്ഷൻ സമർപ്പിച്ചവർ കുറവാണെങ്കിൽ കൂടുതൽ ഓപ്ഷൻ സമർപ്പിച്ച വിഭാഗത്തിലെ ജൂനിയർമാരെ കുറവുള്ള വിഭാഗത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഓപ്ഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ ജീവനക്കാർക്ക് ജനറൽ/ ആഡിറ്റ് വിഭാഗത്തിൽ നിന്നും പരസ്പരം മാറാൻ കഴിയുന്നതല്ല. ജനറൽ വിഭാഗത്തിലെ ജീവനക്കാർ 1962 ലെ കേരളാ കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും 1963 ലെ കേരളാ കോ-ഓപ്പറേറ്റീവ് സർവ്വീസ് റൂൾസിന്റെ കീഴിലും ആയിരിക്കും. എന്നാൽ ആഡിറ്റ് വിഭാഗം ജീവനക്കാർ 16.02.2011 ലെ സ.ഉ.(പി)നം. 26/2011/സഹ & 16/02/2011 ലെ സ.ഉ.(പി)25/2011/സഹ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കേരളാ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും കേരളാ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് സർവ്വീസ് റൂൾസിന്റെ കീഴിലും ആയിരിക്കും.

9. കേരളാ സഹകരണ ആഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിയമനം നടത്തുന്നതിനും ആഡിറ്റ് വിഭാഗത്തിന്റെ രൂപീകരണത്തോടെ നിലവിലുള്ള ജീവനക്കാരെ ഓപ്ഷൻ മുഖേന നിയമിക്കുന്നതിനും സഹകരണ ആഡിറ്റ് ഡയറക്ടറെ ആഡിറ്റ് വിഭാഗത്തിന്റെ സ്വതന്ത്ര ചുമതലയുള്ള നിയമനാധികാരിയായി നിയമിച്ച് ഉത്തരവാകുന്നു. എന്നാൽ സഹകരണ ആഡിറ്റ് ഡയറക്ടർ സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും അനുസരണമായി സഹകരണ സംഘം രജിസ്ട്രാറുടെ പൊതു നിയന്ത്രണത്തിലുമായിരിക്കും.

10. സഹകരണ ഓഡിറ്റ് വിഭാഗത്തിൽ ഓപ്റ്റ് ചെയ്യുന്ന ജീവനക്കാരിൽ നിന്നും സംസ്ഥാനാടിസ്ഥാനത്തിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടവരിൽ നിന്നുള്ള ഓപ്ഷൻ സ്വീകരിക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. സഹകരണ ജനറൽ വിഭാഗത്തിലേക്ക് ഓപ്റ്റ് ചെയ്യുന്ന ജീവനക്കാരിൽ നിന്നും സംസ്ഥാനാടിസ്ഥാനത്തിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടവരിൽ നിന്നുള്ള ഓപ്ഷൻ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ഇരു വിഭാഗത്തിൽ പെട്ട ജീവനക്കാരിൽ നിന്നും സർക്കാർ നേരിട്ട് ഓപ്ഷൻ സ്വീകരിക്കുന്നതും ഈ ഉത്തരവ് തീയതി മുതൽ 15.3.2011 വരെ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിത ഓപ്ഷൻ മാതൃകാ ഫോമിൽ അവരവരുടെ ഓപ്ഷൻ യഥാക്രമം സഹകരണ സംഘം രജിസ്ട്രാർക്കും ഓഡിറ്റ് ഡയറക്ടർക്കും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയ്ക്കും സമർപ്പിച്ചിരിക്കേണ്ടതാണ്.

11. നിലവിൽ കെ.എസ്.ആർ. പാർട്ട് 1 ചട്ടം 144, 156 പ്രകാരം സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിൽപെട്ട കൺകറന്റ് ഓഡിറ്റർമാർ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും. ഈ തസ്തികകൾ ഓപ്ഷൻ ഫൈനലൈസ് ചെയ്യുന്നതിന് ആഡിറ്റ് വിഭാഗത്തിലെ തസ്തികകളായി കണക്കാക്കും.

12. നിലവിൽ കെ.എസ്.ആർ. പാർട്ട് 1 ചട്ടം 144, 156 പ്രകാരം സൃഷ്ടിക്കപ്പെട്ടതും എന്നാൽ ജനറൽ വിഭാഗത്തിലുള്ളതുമായ ഭരണപരമായ വിവിധ തസ്തികകൾ സഹകരണ സംഘം രജിസ്ട്രാറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമായിരിക്കും. ഈ തസ്തികകൾ ഓപ്ഷൻ ഫൈനലൈസ് ചെയ്യുന്നതിന് ജനറൽ വിഭാഗം തസ്തികകളായി കണക്കാക്കുന്നതാണ്.

13. ഏതെങ്കിലും ജീവനക്കാരൻ / ജീവനക്കാരി ഈ ഉത്തരവു പ്രകാരം നിശ്ചിത തീയതിയ്ക്കകം ഓപ്ഷൻ നൽകിയില്ലാ എങ്കിൽ ജനറൽ വിഭാഗം ഓപ്റ്റ് ചെയ്തതായി കണക്കാക്കി ഓപ്ഷൻ നടപടി പൂർത്തിയാക്കുന്നതാണ്.

14. പരാമർശം (2) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതായിരിക്കും

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**എസ്. വിജയകുമാർ,**

**ഗവണ്മെന്റ് അഡീഷണൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
സഹകരണ ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും നിയമവകുപ്പും ധനകാര്യവും ഉൾപ്പടെ)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (25.11.2011 ലെ ഇനം 5676 പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ( പ്രചാരണത്തിന്
കേരള സർക്കാർ / സഹകരണ സംഘം രജിസ്ട്രാർ വെബ്സൈറ്റുകളിലേക്ക്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി
സഹകരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.ക്ക്
അണ്ടർ സെക്രട്ടറി I & II

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ